പിന്നീട് അവരുടെ മുൻകൂർ അനുവാദം ഇല്ലാതെ യാതൊരു മാറ്റവും വരുത്താൻ പാടില്ല എന്നും വ്യവസ്ഥയുണ്ട്. ലോകബാങ്ക് പദ്ധതിക്കുള്ള ധനസഹായം സംസ്ഥാന പദ്ധതിക്കുള്ള കേന്ദ്ര സഹായത്തിന്റെ അതേ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ലഭ്യമാക്കുന്നത്. മൊത്തം ധനസഹായത്തിന്റെ 70 ശതമാനം കടമായും 30 ശതമാനം ഗ്രാന്റായുമാണ് ലഭിക്കുന്നത്. കടമായി ലഭിക്കുന്ന തുക 35 വർഷത്തിനുള്ളിൽ സംസ്ഥാന സർക്കാർ തിരിച്ചടക്കേണ്ടതാണ്.

(എഫ്&ജി) ഒ.ഇ.ബി.എഫും കേന്ദ്ര ഗവൺമെന്റും തമ്മിൽ ഉണ്ടാക്കിയ കരാർ വ്യവസ്ഥകൾക്ക് വിധേയമായി താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ വായ്പാസഹായം ലഭിക്കും.

1. തിരുവനന്തപുരം നഗരവും പ്രാന്തപ്രദേശവും
2. മീനാടും സമീപ ഗ്രാമങ്ങളും
3. ചേർത്തലയും സമീപ ഗ്രാമങ്ങളും
4. കോഴിക്കോട് നഗരവും പ്രാന്തപ്രദേശവും
5. പട്ടുവവും സമീപ ഗ്രാമങ്ങളും

ലോകബാങ്ക് സഹായം കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസി നടത്തുന്ന പദ്ധതികൾക്ക് ഉറപ്പാക്കിയിട്ടുണ്ട്.

(എച്ച്) ജപ്പാൻ 382.07 കോടി രൂപ ആദ്യഘട്ടമായി,കേരള വാട്ടർ സപ്ലൈ പ്രോജക്ട് നടപ്പിലാക്കാൻ ലഭ്യമാക്കും ലോകബാങ്കിൽ നിന്നും 89.8 മില്യൺ അമേരിക്കൻ ഡോളർ ലഭിക്കും.

രണ്ടായിരമാണ്ടിൽ എല്ലാവർക്കും കുടിവെള്ളം എന്ന പദ്ധതി

16 (*46) ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "രണ്ടായിരമാണ്ടിൽ എല്ലാവർക്കും കുടിവെള്ളം" എന്ന പദ്ധതിയുടെ പുരോഗതിയെന്താണെന്ന് വിശദമാക്കാമോ ;

(ബി) ഈ പരിപാടിയിൽ ഉൾപ്പെട്ട പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ശുദ്ധജലവിതരണ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ&ബി) ഉത്തരം അനുബന്ധമായി കൊടുത്തിട്ടുണ്ട്†.

(സി&ഡി) കേരള വാട്ടർ അതോറിറ്റി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ശുദ്ധജലവിതരണ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നില്ല. എന്നാൽ 19-3-1998-ലെ (ജി.ഒ.എം.എസ്) 29/98/ഇറി.വ. സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നത് അനുസരിച്ച് അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികളിൽ നിന്നും പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കുക, പദ്ധതി വിപുലീകരിക്കുക അല്ലെങ്കിൽ പുനരുദ്ധരിക്കുക, 55 ലക്ഷത്തിൽ കൂടുതൽ ചെലവു വരുന്ന 'സ്റ്റാർഡ് എലോൺ' പദ്ധതികളും കേരള വാട്ടർ അതോറിറ്റി 'ഡിപ്പോസിറ്റ് വർക്കായി' ഏറ്റെടുത്ത് നടപ്പിലാക്കുന്നു. കൂടാതെ കേന്ദ്ര ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പരിപാടിയുടെ ഭാഗമായി 'രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷ'ന്റെ സാമ്പത്തിക സഹായത്തോടെ കാസർകോട്, കൊല്ലം എന്നീ ജില്ലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ജനകീയ പങ്കാളിത്തത്തോടെ ശുദ്ധജലവിതരണ പദ്ധിപാടി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ 4 ജില്ലകളിൽ കേരള റൂറൽ വാട്ടർ സപ്ലൈ പ്രോജക്ട് എന്ന പേരിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ജനകീയ പങ്കാളിത്തത്തോടെ ശുദ്ധജലശുചീകരണ പദ്ധതികൾ നടത്തുന്നതിന് കേരള റൂറൽ വാട്ടർസപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സഹകരണ മെഡിക്കൽ കോളേജ്

17 (*47) ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സഹകരണ മെഡിക്കൽ കോളേജിൽ ഇതിനകം എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി എന്ന് വ്യക്തമാക്കുമോ ;

(സി) സഹകരണ മെഡിക്കൽ കോളേജിന് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരവും കേന്ദ്രഗവൺമെന്റിന്റെ ഗ്രാന്റ് ഓഫ് പെർമിഷനും ലഭിച്ചു കഴിഞ്ഞുവോ ; വിശദാംശം വ്യക്തമാക്കുമോ ;

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

പെരിയാർ പാട്ടക്കരാറിന്റെയും മറ്റു അനുബന്ധക്കരാറുകളുടെയും നിയമസാധ്യത സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്. ഈ കരാറുകൾക്ക് നിയമസാധ്യതയുണ്ടെന്നാണ് സർക്കാരിന് ലഭിച്ച പ്രാഥമിക നിയമോപദേശം. എന്നാൽ ഇതു സംബന്ധിച്ച് കൂടുതൽ നിയമവിശകലനം നടത്തി വരികയാണ്.

25-11-1979-ലെ യോഗ തീരുമാനപ്രകാരം ശുപാർശ ചെയ്തിരുന്ന അടിയന്തിര ഹ്രസ്വകാല-ദീർഘകാല പണികൾ ഇതിനകം പൂർത്തിയാക്കിക്കഴിഞ്ഞു. ഡാമിലെ ജലവിതാനം 136 അടിയിൽ നിന്നു വർദ്ധിപ്പിക്കാൻ യാതൊരു കാരണവശാലും പാടില്ലെന്നാണ് സർക്കാരിന്റെ നയപരമായ തീരുമാനം.

ഡാമിന് മുകളിൽ അരഭിത്തി 2 അടി പൊക്കിക്കെട്ടിയത് അനധികൃതമാണെന്ന് കാണിച്ച് സെൻട്രൽ വാട്ടർ കമ്മീഷന് സർക്കാർ കത്ത് നല്കിയിരുന്നു. അതനുസരിച്ച് പണികൾ നിർത്തിവയ്ക്കുകയുണ്ടായി.

മുല്ലപ്പെരിയാർ ജലം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള കരാറിൽ പുനഃരവലോകന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ വാർഷിക ആദായവിഹിതം ഇപ്പോൾ ലഭിക്കുന്നതിൽ നിന്നും ഗണ്യമായി വർദ്ധിപ്പിക്കുന്ന കാര്യത്തിൽ എന്തു നടപടികൾ സാദ്ധ്യമാണെന്ന് ആലോചിക്കാവുന്നതാണ്.

ഡാമിലെ ജലവിതാനം 136 അടിയിൽ നിന്നും വർദ്ധിപ്പിക്കാൻ പാടില്ലയെന്നതിനാൽ ബേബി ഡാമിലും ഈ നില തുടരും. 136 അടിയിൽ ജലം ശേഖരിക്കാൻ ബേബി ഡാം ശക്തമാണെന്നതിനാൽ ഇനിയും ബലപ്പെടുത്തേണ്ടതില്ലായെന്നാണ് കേരള സർക്കാർ നിലപാട്.

പാട്ടഭൂമിയുടെ വിസ്തീർണ്ണത്തെ സംബന്ധിച്ച് തർക്കമുള്ളതിനാൽ റീസർവേയ്ക്ക് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

അനുബന്ധം V

[20-2-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 16(*46)-ന്റെ 'എ' &'ബി' ഉത്തരം ദയവായി കാണുക]

രണ്ടായിരമാണ്ടോടെ എല്ലാവർക്കും കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ആവിഷ്ക്കരിച്ച ബ്രഹത് പദ്ധതി കേരള ജല അതോറിറ്റി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭൂജല വകുപ്പ് എന്നിവ സംയുക്തമായാണ് നടപ്പിലാക്കിവരുന്നത്.

ഗ്രാമീണ ജനതയ്ക്ക് ആളൊന്നിന് പ്രതിദിനം 40 ലിറ്റർ എന്ന തോതിലും നഗരവാസികൾക്ക് ആളൊന്നിന് 70 ലിറ്റർ എന്ന തോതിലും ശുദ്ധജലം എത്തിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പ്രസ്തുത പദ്ധതിക്ക് മൊത്തം 1423.00 കോടി രൂപയാണ് മതിപ്പ് ചെലവ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ ജല അതോറിറ്റി നടപ്പിലാക്കേണ്ട പദ്ധതികൾക്ക് മാത്രമായി 795.78 കോടി രൂപ വേണ്ടി വരും.

LIBRARY ARCHIVES Kerala Legislative Assembly

1998-99, 1999-2000, 2000-2001 എന്നീ മൂന്ന് വർഷങ്ങളിലായി ജലഅതോറിറ്റി 128 വൻകിട പദ്ധതികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടതിൽ 1998-99-ൽ 39 പദ്ധതികളും 1999-2000-ത്തിൽ 27 പദ്ധതികളും പൂർത്തീകരിച്ചു. ശേഷിക്കുന്ന 62 പദ്ധതികൾ 2001 മാർച്ച് മാസത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആവശ്യമായ ധനലഭ്യതയ്ക്ക് വിധേയമായി ഈ പദ്ധതികളിൽ നല്ലൊരു പങ്ക് മാർച്ച് മാസാവസാനത്തോടെ പൂർത്തിയാക്കാൻ സാധിക്കും എന്ന് കരുതുന്നു.

മേൽ പ്രസ്താവിച്ച പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ മതിയായ അളവിൽ ശുദ്ധജലം എത്തിക്കേണ്ട 8081 എൻ.സി./പി.സി. ഹാബിറ്റേഷനുകളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ ജല അതോറിറ്റിയുടെ ചുമതലയിൽ 2144 ഹാബിറ്റേഷനുകളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിന് 510.70 കോടി രൂപ വേണ്ടിവരും. ഇതിൽ 747 പദ്ധതികൾക്ക് 50.43 കോടി രൂപയുടെ ധനാനുമതി നൽകി. ഇവയിൽ 208 പദ്ധതികൾ പൂർത്തിയാക്കി. 2001 മാർച്ച് മാസത്തോടെ 94 പദ്ധതികൾ കൂടി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കൂടാതെ മേൽ സൂചിപ്പിച്ച പദ്ധതിയിൽ 141 സെൻസസ് ടൗണുകളിൽ ശുദ്ധജലം എത്തിക്കേണ്ട പദ്ധതികളും ഉൾപ്പെടുന്നു. ഇതിൽ 49 പദ്ധതികളാണ് ജലഅതോറിറ്റി നടപ്പിലാക്കേണ്ടത്. ഇതിന് 77.00 കോടി രൂപ വേണ്ടിവരും.

മേൽ സൂചിപ്പിച്ച പദ്ധതികളുടെ പൂർത്തീകരണത്തിന് ഭീമമായ മൂലധനം സ്വരൂപിക്കേണ്ടത് ആവശ്യമാണ്. എന്നാൽ സംസ്ഥാന ബഡ്ജറ്റിൽ പ്രസ്തുത പദ്ധതികൾക്കായി വകകൊള്ളിച്ചിട്ടുള്ള തുക തീർത്തും അപര്യാപ്തമാണ്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഫണ്ട് സ്വരൂപിക്കുന്നതിനെപ്പറ്റി ഉന്നതതല കമ്മിറ്റിയുടെ ശുപാർശപ്രകാരം ബാങ്കുകൾ മുഖേന വായ്പകൾ സ്വരൂപിച്ചും കടപ്പത്രങ്ങൾ ഇറക്കിയും ഉപഭോക്താക്കളിൽ നിന്നുള്ള കോൺട്രിബ്യൂഷൻ വഴിയും ഗണ്യമായ തുക സംഭരിക്കേണ്ടതുണ്ട്. എന്നാൽ ഇത് പ്രാവർത്തികമാക്കാൻ വളരെ പ്രയാസമാണ്. കൂടാതെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യം വേണ്ട ഉദ്യോഗസ്ഥരുടെ (അസിസ്റ്റന്റ് എഞ്ചിനീയർ ഡ്രാഫ്റ്റ്മാൻ) കുറവുണ്ട്. കൂടാതെ, പദ്ധതിക്ക് വേണ്ട സ്ഥലമെടുപ്പ് പൈപ്പ് പ്രൊക്യൂർമെന്റിൽ വരുന്ന കാലതാമസം തുടങ്ങിയവയെല്ലാം 'രണ്ടായിരമാണ്ടോടെ എല്ലാവർക്കും കുടിവെള്ളം' എന്ന പദ്ധതിയിൽ വിഭാവന ചെയ്തിരുന്ന ലക്ഷ്യം കൈവരിക്കുന്നതിന് പ്രതികൂലഘടകങ്ങളായിവന്നു. അതിനാൽ പദ്ധതികൾ ഉദ്ദേശിച്ച സമയത്ത് പൂർത്തിയാക്കാൻ കഴിയാതെ വരുന്നു. എങ്കിലും 2001 മാർച്ച് അവസാനത്തോടെ ശുദ്ധജലക്ഷാമത്തിന് ഒരളവ് വരെ പരിഹാരം കാണാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly